# പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 383 — 03.02.2014-ൽ മറുപടിക്ക്

### എയ്ഡ്സ് നിയന്ത്രണ സൊസൈറ്റിയുടെ പ്രവർത്തനങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. മാത്യു റ്റി. തോമസ് :<br>,, ജോസ് തെറ്റയിൽ :<br>ശ്രീമതി. ജമീലാ പ്രകാശം :<br>ശ്രീ. സി. കെ. നാണു : | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) കേരള സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റിയുടെ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ ; | (എ) ഉണ്ട്. |
| (ബി) ഏതെല്ലാം തരത്തിലുള്ള പ്രവർത്തനങ്ങളാണ് പ്രസ്തുത സൊസൈറ്റിയിലൂടെ നടപ്പിലാക്കുന്നത് ; | (ബി) കേരള സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റി നടത്തുന്ന വിവിധതരം പ്രവർത്തനങ്ങളുടെ വിശദവിവരം അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു. |
| (സി) 'എച്ച്.ഐ.വി. ബാധിതരില്ലാത്ത കേരളം' എന്ന പദ്ധതിയിൽ 'എയ്ഡ്സ് രോഗികളോട് വിവേചനമില്ലാത്ത സമൂഹം' എന്ന ആശയം നടപ്പിലാക്കുവാൻ എന്തൊക്കെ ശ്രമങ്ങൾ സർക്കാർ തലത്തിൽ നടപ്പിലാക്കിയിട്ടുണ്ട് ; ഏത് തലംവരെ പ്രസ്തുത ശ്രമങ്ങൾ വിജയിച്ചുവെന്ന് വിശദമാക്കാമോ ? | (സി) 'എച്ച്.ഐ.വി. ബാധിതരില്ലാത്ത കേരളം' എന്ന ലക്ഷ്യത്തിനായി കേരള സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റിയുടെ ബോധവൽക്കരണ വിഭാഗം പൊതുസമൂഹത്തിനിടയിൽ ശക്തമായ ബോധവത്ക്കരണ പ്രവർത്തനങ്ങളും യുവജനങ്ങൾക്കിടയിൽ ജീവിത നൈപുണ്യ വിദ്യാഭ്യാസവും കോളേജുകളിൽ റെഡ് റിബ്ബൺ ക്ലബ്ബുകളും സ്ഥാപിച്ച് വിവിധ പ്രവർത്തനങ്ങൾ നടത്തി വരുന്നു. കേരള സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റി മുഖ്യധാരാവൽക്കരണ വിഭാഗം വിവിധ വകുപ്പുകളുമായി ബന്ധപ്പെട്ട് വിവേചനമില്ലാതാക്കുന്നതിനായി വിവിധങ്ങളായ പരിശീലന പരിപാടികളും നടത്തി വരുന്നു. സംസ്ഥാന തലത്തിൽ സ്റ്റേറ്റ് ഗ്രിവൻസ് റിഡ്രസൽ കമ്മിറ്റി, ജില്ലാ തലത്തിൽ ഡിസ്ട്രിക് റെസ്പോൺസ് ടീം എന്നിവ എച്ച്.ഐ.വി ബാധിതരോടുള്ള വിവേചനത്തിനെതിരെയുള്ള പരാതി പരിഹാര സംവിധാനങ്ങളാണ്. പൊതുജനങ്ങളുടെ ഇടയിൽ എച്ച്.ഐ.വി ബാധിതരോടുള്ള വിവേചനം കുറയ്ക്കുന്നതിന് ഇത്തരത്തിലുള്ള ശ്രമങ്ങൾ വളരെയധികം സഹായകരമായിട്ടുണ്ട്. |

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്

സെക്ഷൻ ഓഫീസർ